## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - ശ്രീ. കൃഷ്ണപ്രസാദ്. പി, ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം- 01.01.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് നൽകിയിരുന്ന താൽക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്-

സൂചന :
1. A2-22833/2013/DMO(H), Malappuram, Dt: 12.07.2021
2. G.O.(MS) No. 356/2012/H & FWD, Dt: 29.10.2012
3. ED1-37617/2013/DHS, Dt: 10.10.2019
4. ED2-11091/2014/DHS, Dt: 07.02.2014
5. ES2- 67652/2020/DHS, Dt: 28.09.2020
6. Order No. ES2- 85350/2017/DHS, Dt: 15.05.2019
7. 28.07.2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

## ഉത്തരവ് നം. ഇ.എസ്2/45693/2021/ആ.വ.ഡ/തീയതി : 18.08.2021

ശ്രീ. കൃഷ്ണപ്രസാദ്. പി, ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം- 01.01.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ സൂചന 1 പ്രകാരം അയച്ചുതന്നിരുന്നു

ശ്രീ. കൃഷ്ണപ്രസാദ്. പി, സൂചന 2 പ്രകാരമുള്ള നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11.11.2013 ന് ആരോഗ്യവകുപ്പിൽ ക്ലാർക്കായി സൂപ്പർന്യൂമററി തസ്തികയിൽ സർവ്വീസിൽ പ്രവേശിച്ചു. സൂചന 3 പ്രകാരം ശ്രീ. കൃഷ്ണപ്രസാദിനെ 01.12.2013 ന് പ്രാബല്യതീയതി നൽകി സർവ്വീസ് റെഗുലറൈസ് ചെയ്തിട്ടുള്ളതാണ്. സൂചന 5 പ്രകാരം 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ആരോഗ്യവകുപ്പിലെ ക്ലാക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 424 B എന്ന സ്ഥാനം നൽകി ഉത്തരവായിട്ടുള്ളതാണ്.

ശ്രീ. കൃഷ്ണപ്രസാദ്. പി സൂചന 4 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12.02.2014 മുതൽ 31.12.2015 വരെ Appendix XII A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. 21.12.2015 ന് തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. പരിവീക്ഷാക്കാലം പൂർത്തീകരിക്കുന്നതിന് മുൻപ് ശൂന്യവേതനാവധിയിൽ പ്രവേശിച്ച സാഹചര്യത്തിൽ ടിയാനെ ജോലിയിൽ തിരികെ പ്രവേശിച്ച തീയതിയായ 21.12.2015 ന് പുതുതായി ജോലിയിൽ പ്രവേശിച്ചതായി (Fresh entrant) കണക്കാക്കി സൂചന 6 പ്രകാരമുള്ള 01.01.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ 220 A സ്ഥാനം നൽകി സൂചന 7 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. സൂചന 5 പ്രകാരം 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ആരോഗ്യവകുപ്പിലെ ക്ലാക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 424 B എന്ന സ്ഥാനം താൽക്കാലികമായി റദ്ദാക്കിക്കൊണ്ടും സൂചന 7 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ആയതിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

ആയതിനാൽ ശ്രീ. കൃഷ്ണപ്രസാദ്. പി. ക്ക് 01.01.2014 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ആരോഗ്യ വകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 220 A എന്ന താൽക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. 01.01.2009 മുതൽ 31.12.2013 വരെയുള്ള കാലയളവിലെ ആരോഗ്യവകുപ്പിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 424 B എന്ന സ്ഥാനം ഇതിനാൽ റദ്ദാക്കുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Name & PEN No. | Date of Birth | Date of entry in Service | G.O No./PSC Advice | Date reckoned for seniority | Old Rank No. | New Rank No. | Remarks |
|---|---|---|---|---|---|---|---|---|
| 1 | Smt. Vidya. A. R, 767120 | 22.02.1986 | 12.02.2016 | QRI(1)3168/2013/KPSC,KLM, Dt: 01.12.2015, A2-12345/2014/DMO(H), KLM, Dt: 18.01.2016 | 01.12.2015 | 220 | - | |
| 2 | Sri. Krishna Prasad. P | | 21.12.2015 | G.O.(MS) No. 356/2012/H & FWD, Dt: 29.10.2012 | 21.12.2015 (Fresh entrant after LWA) | -- | 220 A | |
| 3 | Sri. Shine. K. J, 767329 | 05-05-1991 | 18.02.2016 | RI(3)3633/13/KPSC,TSR, Dt: 31.01.2016, A2-3257/2015/DMO(H)TSR, 12.12.2016 | 19.01.2016 | 221 | - | |

ഒപ്പ്/-

ബീന. വൈ. ബി

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

ശ്രീ. കൃഷ്ണപ്രസാദ്. പി

ക്ലാർക്ക്, ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്